ഹൗസിംഗ് സൊസൈറ്റിവഴി ഭവനനിർമ്മാണത്തിനുള്ള വായ്പക്ക് അനുവദിച്ചിരുന്ന സബ്സിഡി

* 187 (233) ശ്രീ. തെന്നല ജി. ബാലകൃഷ്ണ പിള്ള:

,, കെ.കെ. തോമസ്:

,, ബെന്നി ബഹനാൻ:

,, പി.പി. തങ്കച്ചൻ:

,, കെ.എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് സൊസൈറ്റിവഴി ഭവനനിർമ്മാണത്തിന് വായ്പ എടുക്കുന്ന സർക്കാർ ജീവനക്കാർക്ക് പലിശയിനത്തിൽ സർക്കാർ അനുവദിച്ചിരുന്ന സബ്സിഡി നിർത്തലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിന്റെ ആനുകൂല്യം ഇപ്പോഴും ജീവനക്കാർക്ക് ലഭിക്കുന്നില്ല എന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

സഹകരണ വകുപ്പു മന്ത്രി (ശ്രീമതി എം. കമലം):

(എ) സർക്കാർ സബ്സിഡി നിർത്തലാക്കിയിട്ടില്ല.

(ബി) സംഘങ്ങൾക്ക് കിട്ടേണ്ട സബ്സിഡി കിട്ടാത്തതിനാൽ ബുദ്ധിമുട്ടുണ്ട് എന്നും, ചില സ്ഥലങ്ങളിൽ സംഘങ്ങൾ സബ്സിഡി മെമ്പർമാർക്ക് അനുവദിക്കുന്നില്ലായെന്നും നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്

ശ്രീ. തെന്നല ജി. ബാലകൃഷ്ണപിള്ള: സബ്സിഡി ഇനത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് എത്ര തുക കുടിശ്ശികയായി കൊടുത്തുതീർക്കാനുണ്ട് എന്നു വ്യക്തമാക്കാമോ?

ശ്രീമതി എം. കമലം: ഓരോ വർഷത്തെ കണക്കും എന്റെ മുമ്പിലുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾ 269 എണ്ണമാണ്. 134 സംഘങ്ങൾ ഇതിൽ അർഹരായിട്ടുള്ളവരായിട്ടുണ്ട്. ഈ തുക അവർ പിടിച്ചെടുത്താണ് കൊടുക്കുന്നത്. 63 സംഘങ്ങൾ സബ്സിഡി കഴിച്ചാണ് പിടിച്ചെടുക്കുന്നത്.

ശ്രീ. തെന്നല ജി. ബാലകൃഷ്ണപിള്ള: കുടിശ്ശികയുള്ള തുക എന്നത്തേക്ക് കൊടുത്തുതീർക്കാൻ കഴിയും.

ശ്രീമതി എം. കമലം: ആകെ 53 ലക്ഷത്തോളം രൂപ കുടിശ്ശികയായിട്ടുണ്ട്. 1981–82 വരെയുള്ളത് പൂർണ്ണമായും കൊടുത്തിട്ടുണ്ട്. 1982–83 തുടങ്ങി ഓരോ കൊല്ലവും കുടിശ്ശിക ബാക്കിയായി വരികയാണ്. ഇതു കൊടുത്തു തീർക്കുന്നതിന് ഗൗരവപരിശ്രമം ഗവൺമെന്റു ചെയ്യുകയാണ്. കൃത്യമായി ഒരു ഡേറ്റ് എനിക്കിപ്പോഴും പറയാൻ നിവർത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.കെ. തോമസ്: സർക്കാർ ജീവനക്കാർക്ക് മൂന്നു ശതമാനം പലിശക്ക് ഭവനനിർമ്മാണത്തിന് സബ്സിഡി കൊടുക്കുക യെന്നുള്ളതാണ് ഗവൺമെൻറിന്റെ നയം. ഇതു ഫലപ്രദമായി നടപ്പിലാക്കാത്തതുമൂലം ഇതു വെറും കടലാസ്സു പദ്ധതിയായി അവശേഷിച്ചിരിക്കുകയാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീമതി എം. കമലം: അതു ഫലപ്രദമായി നടപ്പിലാക്കണമെ ന്നുതന്നെയാണ് ഗവൺമെൻറിന്റെ ഉദ്ദേശം. ഗവൺമെൻറു ജീവ നക്കാർക്കുള്ള ഒരു വെൽഫെയർ മെഷറാണിത്. ഈ സഹായം തീർച്ച യായും സഹകരണസംഘങ്ങളിൽനിന്നുകൂടി കിട്ടണം. അതുകൊടുക്കു ന്നതിനുതന്നെയാണ് ഗവൺമെൻറു ഉദ്ദേശിക്കുന്നത്. ഗവൺമെൻറിന്റെ നിലപാടിൽ മാറ്റമില്ല.

ശ്രീ. കെ.കെ. തോമസ്: ഭവനനിർമ്മാണം ലക്ഷ്യമാക്കിയുള്ള പല പ്രാഥമിക സൊസൈറ്റികളിലേയും ഭൂരിപക്ഷം ഷെയറുകളും സർക്കാർ ഉദ്യോഗസ്ഥൻമാരുടേതാണ്. ഗവൺമെൻറ് പലിശ സബ്സിഡി നൽകി യതുമൂലം പല പ്രാഥമിക സൊസൈറ്റികളുടേയും പ്രവർത്തനം ഇന്നു നിന്നിരിക്കുകയാണ് എന്നുള്ള വിവരം ശ്രദ്ധയിൽപെട്ടി ട്ടുണ്ടോ?

ശ്രീമതി എം. കമലം: ഇതിനെ സംബന്ധിച്ച് പല സംഘങ്ങ ളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. അതിനുള്ള നടപടി ഗവൺമെൻറ് എടുത്തുവരികയാണ്.

ശ്രീ. കെ.എസ്. നാരായണൻ നമ്പൂതിരി: സർക്കാർ ജീവനക്കാ രെക്കാൾ കൂടുതൽ മറ്റാളുകളെ ഈ സൊസൈറ്റികളിൽ വരിവീടുകാ വയ്ക്കുന്നതിന് വായ്പക്ക് സമീപിക്കുന്നതുകൊണ്ട് അവർക്കുകൂടി ഈ സബ്സിഡി നൽകാൻ ദയവുണ്ടാകുമോ?

ശ്രീമതി എം. കമലം: സർക്കാർ ജീവനക്കാർക്ക് മാത്രമാണ് എന്നില്ല. ഉദാഹരണത്തിന് ഒരു വ്യക്തി ബാങ്കിലോ വേറെയേതെങ്കിലും സ്ഥാപ നങ്ങളിലോ ജോലിയുള്ളയാളാണെങ്കിൽ ഭാര്യയോ ഭർത്താവോ എടുക്കുന്ന ഇത്തരം വായ്പയിൽ Co-executor or guarentor ആയി ചേർന്നിട്ടുണ്ടെങ്കിൽ അവർക്ക് ഈ ആനുകൂല്യം ലഭിക്കാവുന്നതാണ്.

ശ്രീ. തച്ചടി പ്രഭാകരൻ: നമ്മുടെ രാജ്യത്തെ തൊഴിലില്ലായ്മ പോലെ തന്നെ ഭവന രഹിതരായ ആളുകളും ധാരാളമുണ്ട്. ഗവൺ മെൻറിന്റെ യാതൊരു സഹായവും (ഷെയർ കാപ്പിറ്റൽ) കോർപ്പറേഷന് കിട്ടുന്നില്ല. സബ്സിഡി തന്നെ 50 ലക്ഷത്തോളം കുടിശ്ശികയുണ്ട്. മറേറത് ഏജൻസിയേക്കാളും കൂടുതൽ സഹകരണ മേഖലയ്ക്ക് (ഹൗസിങ്ങ് സൊസൈറ്റികൾക്ക്) മുൻഗണന കൊടുക്കുന്നതിനുള്ള നടപ ടികൾ സ്വീകരിക്കുകയും കൂടുതൽ ഹൗസിങ്ങ് സൊസൈറ്റികൾ ഉണ്ടാക്കിക്കൊണ്ട് കൂടുതൽ ഭവനനിർമ്മാണത്തിനുള്ള ഒരു തീവ്ര യത്ന പരിപാടി നടപ്പിലാക്കുകയും ചെയ്യാൻ ഗവൺമെൻറ് തയ്യാറാ കുമോ?

ശ്രീമതി എം. കമലം: ഗവൺമെൻറ് യാതൊരു സഹായവും ചെയ്യുന്നില്ലായെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഹൗസിങ്ങ് സൊസൈറ്റികൾക്ക് ഗവൺമെന്റിന്റെ ഷെയറുണ്ട്. ഇത്തവണയും 25 ലക്ഷം രൂപ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്. അതിനിയും വർദ്ധിപ്പിക്കുന്നതാണ്. കൂടാതെ ഡിബഞ്ചർ ഫ്ളോട്ട് ചെയ്യാൻ ഗവൺമെന്റ് ഗ്യാരണ്ടി നിൽക്കുന്നുണ്ട്. 110 ലക്ഷം രൂപ കഴിഞ്ഞ തവണയും റ്റ്ളോട്ടു ചെയ്തിട്ടുണ്ട്. ഇത്തവണ അത് വർദ്ധിപ്പിക്കണം. ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ഹൗസിംഗ് സ്ഥാപനങ്ങൾക്ക് വർദ്ധിപ്പിച്ചുകൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. അത് ശക്തിയായി ഞങ്ങൾ തുടരും.

ശ്രീ. എം. എം. ഹസ്സൻ: ബഹുമാനപ്പെട്ട മന്ത്രിക്ക് ഹൗസിംഗ് സഹകരണ സംഘങ്ങളോട് പ്രത്യേക താൽപര്യമുള്ളതു ഞാൻ സമ്മതിക്കുന്നു. പക്ഷേ സാമ്പത്തിക സഹായം കിട്ടുന്നതിൽ കടുത്ത അവഗണനയാണ് ഉള്ളതു എന്നുള്ള കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താൻവേണ്ടിയാണ് ഈ ചോദ്യം ചോദിക്കുന്നത്. ഇപ്പോൾ ചില സംഘങ്ങളിൽ കുടിശ്ശിക പിടിച്ചുകൊണ്ട് 3 ശതമാനം സബ്സിഡി അടക്കം ആണ് വാങ്ങിയതെന്ന് പറഞ്ഞു. പലിശ സബ്സിഡി കിട്ടാതെ 53 ലക്ഷം രൂപ കുടിശ്ശിക വന്ന സാഹചര്യത്തിൽ സംഘങ്ങളുടെ മുന്നോട്ടുള്ള പ്രവർത്തനം തടസ്സപ്പെടുമെന്ന് കണ്ടുകൊണ്ട് ആണ് പലിശ സബ്സിഡി സർക്കാർ ഉദ്യോഗസ്ഥൻമാർ ഇപ്പോൾ വാങ്ങുന്നത്. 53 ലക്ഷം രൂപ കുടിശ്ശിക വാങ്ങിയതുമൂലം അപ്പക്സ് ഫെഡറേഷനായ ഹൗസിംഗ് സൊസൈറ്റി 15 ശതമാനം കൂടുതൽ കുടിശ്ശിക വരുന്ന സംഘങ്ങൾക്ക് വായ്പ പാസ്സാക്കുന്നില്ല. അതിന്റെ ഫലമായിട്ട് പ്രാഥമിക സംഘങ്ങളുടെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. അങ്ങനെ പ്രവർത്തനം നിലയ്ക്കുന്നതിൽകൂടി പ്പാർപ്പിട സഹായം കൊടുക്കുന്ന സംഘങ്ങളുടെ ഉദ്ദേശം തന്നെ ഇല്ലാതാവുകയാണ്. അത് പരിഹരിക്കുന്നതിന് 52 ലക്ഷം രൂപ കുടിശ്ശികയുള്ളപ്പോൾ ഒന്നര ലക്ഷം രൂപ മാത്രമാണ് ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ബാക്കി പണം ഏവിടെ നിന്നെങ്കിലും കണ്ടെത്തി ഈ വർഷം തന്നെ കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി എം. കമലം: ഇത് ഗവൺമെന്റിന്റെ അനാസ്ഥകൊണ്ടു വന്നിട്ടുള്ളതു അല്ല: ഇതിന്റെ കാരണമായി അൽപം പറയാനുണ്ട്. അതായത് 25-11-1980-ലാണ് ഇങ്ങനെയൊരു പദ്ധതി ഗവൺമെന്റ് നടപ്പിലാക്കിയത്. 1-4-1980 മുതൽ വനനിർമ്മാണ സംഘങ്ങളിൽനിന്ന് എടുത്ത വായ്പയുടെ തവണകൾക്കെല്ലാം മുൻകൂട്ടിപ്രാബല്യം കൊടുത്തുകൊണ്ടാണ് ഈ പദ്ധതി വന്നത്. പിന്നീട് ഈ പദ്ധതിയിൽ ഒരു മാറ്റം വരുത്തി. 1982 ഫെബ്രുവരി മാസം പത്താം തീയതി ഇതിൽ മറ്റൊരു ഭേദഗതി വരുത്തി. അതായത് ആദ്യത്തെ പദ്ധതിയനുസരിച്ച് ഫെഡറേഷൻ മുഖേന സംഘങ്ങളിലേക്ക് പണം എത്തിച്ചുകൊടുക്കുക എന്നതായിരുന്നു നടപടി. അതുപ്രകാരം പ്രൈമറി സംഘങ്ങളിൽനിന്ന് വായ്പയെടുത്ത അംഗങ്ങളുടെ പണം എത്രത്തോളം ഉണ്ടെന്ന് കണക്കാക്കി ഫെഡറേഷനിലേക്ക് കൊടുത്ത്, ഫെഡറേഷൻ ഗവൺമെന്റിലേയ്ക്ക് കൊടുക്കുകയായിരുന്നു. 1982-ൽ വരുത്തിയ മാറ്റം അനുസരിച്ച് അതാതു പ്രൈമറി സംഘങ്ങളിലെ മെമ്പർമാർ എത്രയുണ്ട്, അവരുടെ വായ്പയെത്ര, പലിശയെത്ര, എന്നെല്ലാം കണ്ടെത്തുകയും യൂണിറ്റ് ആഡിറ്റർമാർ പരിശോധിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന ജോയിന്റ് രജിസ്ട്രാർക്ക് കൊടുത്ത്, ജോയിന്റ് രജിസ്ട്രാർ ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റ്മെന്റ് തയ്യാറാക്കി നേരിട്ട് പണം കൊടുക്കുകയാണ്. ഈ നടപടിക്രമങ്ങളിൽ ഉണ്ടായ കാലതാമസം ഇതിന് ബാധകമാണ്. 1982–83–നു ശേഷം ഉണ്ടായ എക്കോണമി ഓർഡർ അനുസരിച്ച് ആ വർഷം നാലു ലക്ഷം രൂപ ബഡ്ജറ്റിൽ ഉണ്ടായിരുന്നു. 11 ലക്ഷം രൂപയോളം മൊത്തത്തിൽ ഉണ്ടായിരുന്നതിൽ നാലു ലക്ഷം രൂപ പലിശ സബ്സിഡിയ്ക്ക് വച്ചിരുന്നതിൽ 1.65 ലക്ഷമേ കൊടുക്കാൻ സാധിച്ചുള്ളു. ഈ കാലതാമസവും ഇതിന് ബാധകമാണ്. 269 സംഘങ്ങളിൽ യൂണിറ്റ് ആഡിറ്റർമാർ പോയി ഇതെല്ലാം കണക്കാക്കി മൂന്നു മാസം കൂടുമ്പോഴാണ് ഈ ഷെയർ കൊടുക്കുന്നത്. ഇങ്ങനെ വന്നപ്പോഴാണ് ഈ കാലതാമസം ഇതിന് ബാധകമായി. എക്കോണമി ഓർഡർ കർശനമായപ്പോൾ ഗവൺമെന്റ് നിസ്സഹായയായിപ്പോയി. കുടിശ്ശിക കൊടുക്കാൻ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഈ വർഷം ധാരാളം ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ശ്രീ. എം.വി. രാഘവൻ, ഡോ. സുബ്ബറാവു, ശ്രീ. എ.കെ. ശശീന്ദ്രൻ, ശ്രീ. എം.എം. ഹസ്സൻ തുടങ്ങിയവരുടെ പരാതിയനുസരിച്ച് മന്ത്രിതന്നെ മുൻകൈയെടുത്ത് 6-8-1985-ൽ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ചില നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

ശ്രീ. ആർ.എസ്. ഉണ്ണി: 1982–83–ൽ ഇതിനുവേണ്ടി ബഡ്ജറ്റിൽ കൊള്ളിച്ച തുക സറണ്ടർ ചെയ്യാനുള്ള കാരണമെന്താണ്?

ശ്രീമതി എം. കമലം: ബഹുമാനപ്പെട്ട മെമ്പർക്ക് തന്നെ അറിയാം. യൂണിറ്റ് ആഡിറ്ററിൽനിന്ന് റിപ്പോർട്ട് കിട്ടി, അസിസ്റ്റൻറ് രജിസ്ട്രാറോ, രജിസ്ട്രാറോ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി വരുമ്പോഴേയ്ക്കും തന്നെ കർശനമായ എക്കോണമി ഓർഡർ വന്നു. ഞാനിതു സഭയിൽ രഹസ്യമായി വയ്ക്കേണ്ട കാര്യമില്ല. ഞാൻ യാഥാർത്ഥ്യം പറയുകയാണ്.

ശ്രീ. ടി.എസ്. ജോൺ: സർ, ഹൗസിംഗ് ഫെഡറേഷന്റെ ഓഹരി മൂലധന ഡിബഞ്ചർ കഴിഞ്ഞ വർഷത്തെക്കാൾ ഈ വർഷം കുറച്ചു. അതുകൊണ്ട് ബോറോയിങ് കപ്പാസിറ്റി കുറഞ്ഞിട്ടുണ്ട്. അങ്ങനെ കുറഞ്ഞതിന്റെ കാരണമെന്താണ്? അത് കൂട്ടാനുള്ള നടപടി സ്വീകരിക്കുമോ? കൊടുക്കാനുള്ള പൈസ കൊടുക്കുമോ? അല്ലെങ്കിൽ അതിന്റെ പ്രവർത്തനം നിന്നുപോകും. അതുകൊണ്ട് അതിനുവേണ്ട നടപടി സ്വീകരിക്കണം.

ശ്രീമതി എം. കമലം: ഒരു സർക്കാർ ജീവനക്കാരനാണെങ്കിലും അല്ലെങ്കിലും സ്വന്തമായി വീട് വയ്ക്കേണ്ട ഒരാളിന്റെ വ്യക്തത അറിയാത്ത ഒരു ഗവൺമെന്റല്ല ഇത്. തീർച്ചയായും ഇത് കൊടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കും. ഞാനും, മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്ക് നോട്ട് കൊടുത്തിട്ടുണ്ട്. ഒരു കോൺഫറൻസും വിളിച്ചിട്ടുണ്ട്.

ശ്രീ. കാനം രാജേന്ദ്രൻ: ഭവനനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ഹൗസിംഗ് സൊസൈറ്റിയുടെ കാര്യത്തിൽ ഗവൺമെന്റ് യാതൊരു താൽപ്പര്യവും കാണിക്കുന്നില്ലായെന്നും ഈ രംഗത്തെ അവഗണിക്കുന്നുവെന്നും പറഞ്ഞുകൊണ്ട് ഫെഡറേഷന്റെ പ്രസിഡണ്ടായ ശ്രീ. ഹസ്സന്റെ നേതൃത്വത്തിൽ പ്രാഥമിക സംഘങ്ങളുടെ അംഗങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഒരു സമരം നടത്തിയ വിവരം ബഹുമാനപ്പെട്ട ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അവർ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണ്? അത് അംഗീകരിക്കാൻ എന്ത് നടപടി സ്വീകരിക്കും?

ശ്രീമതി എം. കമലം: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുതന്നെയാണ് ശ്രീ. ഹസ്സനും പറഞ്ഞത്. അവർ ഉന്നയിക്കപ്പെട്ട ആവശ്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനുവേണ്ടി, അവർക്ക് എന്തെങ്കിലും ഡൈവർഷൻ മുഖേന ഇരുപതു ലക്ഷം രൂപ കൊടുക്കാൻ കഴിയുമോ എന്ന് നോക്കിയപ്പോൾ റവന്യൂ അക്കൗണ്ടും കാപ്പിറൽ അക്കൗണ്ടും തമ്മിൽ ഈ അപ്രോപ്രിയേഷൻ പാടില്ല എന്ന് ധനകാര്യ വകുപ്പിൽനിന്ന് ശക്തമായ നിർദ്ദേശമുണ്ടായി. സപ്ലിമെൻററി ബഡ്ജറിൽ ഉൾപ്പെടുത്താൻ നോക്കിയിട്ട് അതിനും സാധിച്ചില്ല. ഇത്രവണ അതിശക്തമായ ശ്രമങ്ങൾ ഞങ്ങൾ തുടരുകയാണ്. കൃാബിനറിൽ ഇതു കൊണ്ടുപോകുന്നുണ്ട്, കൃാബിനറിന്റെ ഫോർമൽ അപ്രൂവലിനുവേണ്ട നടപടികൾ എടുത്തുവരികയാണ്.

ആയുർവ്വേദത്തിൽ പോസ്റ്റ്–ഗ്രാഡുവേറ്റ് സ്റ്റഡിയും അണ്ടർ–ഗ്രാഡുവേഷനും ഒരുമിപ്പിക്കണമെന്ന നിർദ്ദേശം

* 188 [234] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, കെ. ശങ്കരനാരായണ പിള്ള:
,, എം.എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദത്തിൽ പോസ്റ്റ്–ഗ്രാഡുവേറ്റ് സ്റ്റഡിയും അണ്ടർ ഗ്രാഡുവേഷനും ഒരുമിപ്പിക്കണമെന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻസ് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതനുസരിച്ച് ഒരുമിപ്പിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) പോസ്റ്റ്–ഗ്രാഡുവേറ്റ് സെൻറേഴ്സ് പ്രവർത്തിക്കുന്നത് അണ്ടർ–ഗ്രാഡുവേഷനുള്ള കോളേജുകളിൽ ആയിരിക്കണമെന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻസ് നിഷ്കർഷിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇത് എല്ലാ ഗവൺമെൻറ് ആയുർവ്വേദ കോളേജുകളിലും നടപ്പിലാക്കിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ നടപ്പിലാക്കുന്നതിന് ഗവൺമെൻറ് ഉത്തരവ് നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഇല്ല.

(ബി) സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല

(ഇ, എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly